**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ നഗരസഭ - സാനിട്ടേഷൻ വർക്കർ ശ്രീ.പി.കെ.കുഞ്ഞപ്പന്റെ ചികിത്സാ സംബന്ധമായ ചെലവ് റീഇംപേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ്യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2657/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 01.09.2015

---

പരാമർശം:-
1) ശ്രീ. പി.കെ. കുഞ്ഞപ്പന്റെ 18.03.2013-ലെ അപേക്ഷ.
2) പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിന്റെ 10.05.201-ലെ39, 15.12.2014-ലെ 3 നമ്പർ തീരുമാനങ്ങൾ.
3) നഗരകാര്യ ഡയറക്ടറുടെ 24.06.2013-ലെയും 15.12.2014-ലെയും ഡി.സി.1/9284/2013 നം. കത്തുകൾ.
4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.07.2014-ലെ എം.എച്ച് 5/44371/2014/ഡിഎച്ച്എസ് നം.കത്ത്.

## ഉത്തരവ്

പെരുമ്പാവൂർ നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി [illegible]ഷ്ഠിച്ചു വരുന്ന ശ്രീ.പി.കെ. കുഞ്ഞപ്പൻ തന്റെ ഞരമ്പുകളെ ബാധിച്ച അസുഖത്തിനുള്ള ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചെലവായ 4,63,467/- രൂപ റീഇംപേഴ്സ് ചെയ്തു ലഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ശ്രീ.പി.കെ. കുഞ്ഞപ്പന് മെഡിക്കൽ റീഇംപേഴ്സ്മെന്റിനത്തിൽ പരാമർശം (2) ലെ 15.12.2014-ലെ കൗൺസിൽ തീരുമാന പ്രകാരം 2,72,485/- രൂപ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.കെ. കുഞ്ഞപ്പന് GBS Amsan Variant എന്ന അസുഖത്തിന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആസുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ മെഡിക്കൽ റീഇംപേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 2,72,485/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാണുറ്റി എൺപത്തിയഞ്ച് രൂപ) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അക്തഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക പെരുമ്പാവൂർ

നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീഇംബേഴ്സ് ചെയ്തു നൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സോണിയ വാഷിംഗ്ടൺ,**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ